(ബി) ഈ ഫീൽഡാഫീസറന്മാരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഫീൽഡാഫീസറന്മാർ ഹരിജൻ ഹ.

(ബി) ഓരോ ഫീൽഡാഫീസറന്മാരുടെയും പരീക്ഷായോഗ്യത കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു *

ഹരിജനങ്ങൾക്ക് നൽകിയ റേഡിയോ സെറ്റുകൾ.

* വ്യ. [നം 8] ശ്രീ. എ. കെ. ചെല്ലയ്യാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശസമുദായസംരക്ഷക ഡിപ്പാർട്ടുമെൻറിൽനിന്നും റേഡിയോസെറ്റുകൾ ഹരിജനങ്ങൾക്ക് സൗജന്യമായി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്;

(സി) റേഡിയോസെറ്റ് കൊടുക്കുന്നത് എന്തു പരിഗണനയിലാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ഭംഗി കരംചുറൽ കാളനി, തിരുവനന്തപുരം.

(സി) ഹരിജനങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി.

ഷെഡ്യൂൾഡ് ട്രൈബ്സ്

* വ്യ. [നന്നു] ശ്രീ. എം. സി. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ഷെഡ്യൂൾഡ് ട്രൈബ്സിൽപ്പെട്ട വല്ലവർക്കും വിദ്യാഭ്യാസത്തിനോ, മറ്റുവിധത്തിലോ വല്ല സൗജന്യവും അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ്;

(സി) എത്രപേർക്ക് അപ്രകാരം സൗജന്യങ്ങൾ നൽകുന്നുണ്ട്;

(ഡി) ഈ സൗജന്യങ്ങൾ ലഭിക്കുന്നതിൽ ക്രൈസ്തവമതവിശ്വാസികളായി വല്ലവരുമുണ്ടോ;

(ഈ) ഉണ്ടെങ്കിൽ എത്രപേരുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ സൗജന്യങ്ങൾ.

*Vide Adpeudix II

LIBRARY ARCHIVES Kerala Legislative Assembly